"ഭരണഭാഷ മാതൃഭാഷ"

**തിരുവനന്തപുരം ജില്ലാ കളക്ടറുടെ നടപടിക്രമം**
**(ഹാജർ: ജെറോമിക് ജോർജ്ജ് ഐ.എ.എസ്)**

---

നം. കെ 13–2590/18      തീയതി: 06/08/2022

---

വിഷയം : പൊന്നുംവില –പാഞ്ചിക്കാട്ടുകടവ്പാലവും അപ്രോച്ച്റോഡും നിർമ്മിക്കുന്നതിനു വേണ്ടി സ്ഥലം ഏറ്റെടുക്കുന്നതി നായുളള പൊന്നുംവില നടപടിയുടെ സാമൂഹിക ആഘാതപഠനം പൂർത്തിയാക്കിയതിന്റെഅടിസ്ഥാനത്തിൽ ഭൂമി ഏറ്റെടുക്കുന്നതിന് അനുമതി നൽകിക്കൊണ്ട് സമുചിത സർക്കാർ സെക്ഷൻ 8(2) പ്രകാരമുള്ള ഉത്തരവ് പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്

സൂചന : 1. 29/06/2016-ാം തീയതിയിലെ ജി .ഒ(പി)376/2016/ആർഡി നമ്പർ സർക്കാർ ഉത്തരവ്.

2. ജി.ഒ(ആർ.റ്റി).4705/2018/ആർഡി , തീയതി.13.11.2018

3. വിദഗ്ധ സമിതിയുടെ27.07.2022 ലെ റിപ്പോർട്ട്.

*******************************

പാഞ്ചിക്കാട്ടുകടവ്പാലവും അപ്രോച്ച്റോഡും നിർമ്മിക്കുന്നതിനുവേണ്ടി തിരുവനന്തപുരം ജില്ലയിൽ, തിരുപുറം വില്ലേജിൽ, ബ്ളോക്ക് : 20 ലെ വിവിധ സർവ്വെ നമ്പരുകളിൽപ്പെട്ട 0.2641 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിന് PWD എക്സിക്യൂട്ടീവ് എഞ്ചിനീയർ ബ്രിഡ്ജസ് ഡിവിഷൻ അർത്ഥന സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ ജില്ലാതല എസ്.ഐ.എ ഏജൻസിയായ ഇൻസ്റ്റിറ്റ്യൂഷൻ ഫോർ റൂറൽ ഡെവലപ്പ്മെന്റ് (IRD), തിരുവനന്തപുരം സമർപ്പിച്ച The Right to Fair Compensation and Transparency in Land Acquisiton, Rehabilitation and Resettlement Act, 2013 അധ്യായം 2 എ പ്രകാരമുള്ള സാമൂഹിക ആഘാതപഠന റിപ്പോർട്ട് ടി നിയമത്തിലെ 7-ാം വകുപ്പ് പ്രകാരം വിദഗ്ധ സമിതി വിലയിരുത്തി 6-ാം ഉപവകുപ്പ് അനുശാസിക്കും വിധം പ്രസിദ്ധീകരിച്ചിട്ടുള്ളതാണ്. 200 ആർ വരെയുള്ള ഏറ്റെടുക്കൽ നടപടികളിൽ സമുചിത സർക്കാർ ആയി ജില്ലാകളക്ടറെ സൂചന (1) പ്രകാരം ചുമതലപ്പെടുത്തിയിട്ടുണ്ട്.

ഭൂമി ഏറ്റെടുക്കുന്നതിനുള്ള നിർദ്ദേശങ്ങളും സാമൂഹിക ആഘാത റിപ്പോർട്ടും വിദഗ്ദ്ധ സമിതിയുടെ വിലയിരുത്തലും ടി നിയമത്തിലെ 8-ാം വകുപ്പ് പ്രകാരം വിശദമായി പരിശോധിച്ചതിൽ നിർദ്ദിഷ്ട പദ്ധതി പൊതു ആവശ്യത്തിന് ഉൾപ്പെട്ടുവരുന്നതാണെന്നും ആയതിന്റെ നേട്ടങ്ങളും ആവശ്യകതയും സാമൂഹിക അസൗകര്യങ്ങളെയും ആഘാതങ്ങളെയും അപേക്ഷിച്ച് വളരെ കൂടുതലാണെന്നും ബോദ്ധ്യമായിരിക്കുന്നു.

പ്രസ്തുത ഭൂമി പദ്ധതിക്ക് അനുയോജ്യവും , പൊതുജനങ്ങൾക്ക് അത്യന്താപേക്ഷിതവുമായതിനാലും, ടി അർത്ഥന പ്രകാരം ആവശ്യപ്പെട്ടിരിക്കുന്ന ഏകദേശം 0.2641 ഹെക്ടർ ഭൂമി പദ്ധതിക്കാവശ്യമായ ചുരുങ്ങിയ വിസ്തീർണ്ണം മാത്രമായതിനാലും, ടി അപ്രോച്ച് റോഡ് പ്രസ്തുത പ്രദേശത്തിന്റെ ആകെ പുരോഗതിയ്ക്കും വികസനത്തിനും അത്യന്താപേക്ഷിതമായതിനാലും , ടി ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടി തുടരുന്നതിന് സമുചിത സർക്കാർ തീരുമാനിച്ചിരിക്കുന്നു. ആയതിനാൽ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 അനുസരിച്ചുള്ള തുടർ നടപടികൾക്ക് അനുവാദം നൽകി ഇതിനാൽ ഉത്തരവാകുന്നു.

ഒപ്പ്/-

ജില്ലാ കളക്ടർ

ഉത്തരവിൻ പ്രകാരം

ഡെപ്യൂട്ടി കളക്ടർ(എൽ.എ)

പകർപ്പ്-

1). സ്പെഷ്യൽ തഹസിൽദാർ, അഡീഷണൽ എൽ.എ യൂണിറ്റ്, തിരുവനന്തപുരം(**നിയമം അനുശാസിക്കുന്ന സ്ഥലങ്ങളിൽ**

**പരസ്യപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.)**

2). PWD എക്സിക്യൂട്ടീവ് എഞ്ചിനീയർ, റോഡ്സ് & ബ്രിഡ്ജസ് ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയം , തിരുവനന്തപുരം.

3) എൻ.ഐ.സി.ഓഫീസർക്ക്സർക്കാർ വെബ് സൈറ്റിൽ അപ് ലോഡ്ചെയ്യുന്നതിന്

4). കരുതൽ ഫയൽ